വർഗ്ഗീയ സംഘടനകളിൽ പ്രവർത്തിക്കാൻ വിലക്ക്

97 (3287) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർ ആർ.എസ്.എസ്., ജമാഅത്തെ ഇസ്ലാമി, ശിവസേന തുടങ്ങിയ സംഘടനകളിൽ അംഗത്വം എടുക്കുന്നതിനും പ്രവർത്തിക്കുന്നതിനും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സംഘടനകളിൽ പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാരുടെ പേരിൽ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം സംഘടനകളിൽ പ്രവർത്തിച്ചതിന്റെ പേരിൽ ഏതെങ്കിലും ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അവരുടെ പേര് വിവരം അറിയിക്കുമോ ;

(ഇ) ഭീകരവാദ സംഘടനകളിലും വർഗ്ഗീയ ഫാസിസ്റ്റ് സംഘടനകളിലും പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) ഇതുസംബന്ധിച്ച് 3-2-1982-ൽ പുറപ്പെടുവിച്ച ഗവൺമെന്റ് സർക്കുലറാണ് പ്രാബല്യത്തിലുള്ളത്. ഇതുപ്രകാരം ആർ.എസ്.എസ്. ജമാഅത്തെ ഇസ്ലാമി എന്നീ സംഘടനകളുമായി ബന്ധപ്പെടുന്നത് വിലക്കിയിട്ടുണ്ട്. ഈ സർക്കുലറിലെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. സർക്കുലർ നംപർ 9900/എസ്.ആർ2/81/ജി.എ.ഡി. തീയതി 3-2-1982 അനുബന്ധമായി ചേർത്തിട്ടുണ്ട്.*

എ.എസ്.ഐ.മാരുടെ ഒഴിവുകൾ

98 (3288) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ എ.എസ്.ഐ മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തമോ ;

(ബി) 25 മുതൽ 28 വർഷം വരെ സർവ്വീസുള്ള ഹെഡ് കോൺസ്റ്റബിൾമാർക്ക് ഒഴിവുള്ള എ.എസ്.ഐ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിനുള്ള തടസ്സമെന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രമോഷന് അർഹതയുള്ള എച്ച്.സി മാർക്ക്, എ.എസ്.ഐ. മാരായി പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly